17.05.2017

**പ്രസിദ്ധീകരണാർത്ഥം**

# വേദനിക്കുന്ന മനസ്സിൽനിന്നാണ് ഉത്തമകലയുണ്ടാകുന്നത്

## വൈശാഖൻ

തൃശൂർ: വേദനിക്കുന്ന മനസ്സിൽനിന്നാണ് ഉത്തമമായ കലയും സാഹിത്യവും ഉണ്ടാകുന്നതെന്ന് കേരള സാഹിത്യ അക്കാദമി പ്രസിഡണ്ട് വൈശാഖൻ പറഞ്ഞു. എസ്.എൻ.ശ്രീപ്രകാശിന്റെ ഇംഗ്ലീഷ് നോവലായ 'കാന്റിൽസ് ഓൺ വേവ്സ്' എന്ന ഗ്രന്ഥത്തെക്കുറിച്ചുള്ള ചർച്ചയുടെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയിരുന്നു അദ്ദേഹം. മനുഷ്യനിർമ്മിത ദുരന്തങ്ങളാലും പ്രകൃതിദുരന്തങ്ങളാലും അനാഥമാക്കപ്പെടുന്ന നിസ്സഹായരുടെ നിശ്വാസങ്ങളാണ് പുതിയ കാലത്ത് എഴുത്തിൽ പ്രതിഫലിക്കേണ്ടതെന്നും അദ്ദേഹം പറഞ്ഞു. സാഹിത്യ അക്കാദമി ചങ്ങമ്പുഴ ഹാളിൽ സുഹൃത് സമിതി സംഘടിപ്പിച്ച ചടങ്ങിൽ വിജയൻ മടപ്പിള്ളി അധ്യക്ഷതവഹിച്ചു. കേരള ലളിതകലാ അക്കാദമി സെക്രട്ടറി പൊന്ന്യം ചന്ദ്രൻ, റഫീക് അഹമ്മദ്, കവിതാ ബാലകൃഷ്ണൻ, വി.ആർ.അജിത്കുമാർ, ഡോ.എം.എൻ.വിനയകുമാർ, ആർ. ജയചന്ദ്രൻപിള്ള, വിജേഷ് എടക്കുന്നി, എസ്.എൻ.ശ്രീപ്രകാശ് എന്നിവർ സംസാരിച്ചു.

സുഹൃദ്സമിതിയ്ക്കുവേണ്ടി,



**വിജേഷ് എടക്കുന്നി**

9388922024